**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5329** **21-07-2022 - ൽ മറുപടിയ്ക്ക്**

**യു.ഡി.ഐ.ഡി. കാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | യു.ഡി.ഐ.ഡി. കാർഡുകൾ ലഭിക്കുന്നതിനായി ആലത്തൂർ മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ? | (എ) | യു.ഡി.ഐ.ഡി. കാർഡുകൾ ലഭിക്കുന്നതിനായി ആലത്തൂർ മണ്ഡലത്തിൽ നിന്നും 1479 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷ നൽകിയിട്ട് കാർഡ് കിട്ടാനുള്ള 1155 പേരിൽ 720 പേർ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ഉള്ളവരും 435 പേർ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ഇല്ലാത്തവരുമാണ്.<br><br>ഭിന്നശേഷി സംബന്ധിച്ച മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ഉള്ളവരുടെ അപേക്ഷകൾ ജില്ലാ മെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് വീണ്ടും മെഡിക്കൽ ബോർഡിന്റെ ഭിന്നശേഷി അസസ്സ്മെന്റ് ഇല്ലാതെ തന്നെ മെഡിക്കൽ റെക്കമെന്റേഷൻ നൽകി യു.ഡി.ഐ.ഡി. കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റില്ലാത്തവർക്ക് കേരള സാമൂഹ്യ സുരക്ഷാമിഷൻ ആരോഗ്യവകുപ്പുമായി ചേർന്ന് വികേന്ദ്രീകൃത ഭിന്നശേഷി നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിച്ച് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും യു.ഡി.ഐ.ഡി. കാർഡും നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ